എറണാകുളത്തുനിന്നും ഡീലക്സ് എക്സ്പ്രസ് സർവ്വീസ്

814. [1232] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തുനിന്നും വൈക്കം വഴി തിരുവനന്തപുരത്ത് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ഡീലക്സ്, എക്സ്പ്രസ് സർവ്വീസ് നിറുത്തൽ ചെയ്തതുകൊണ്ട് യാത്രക്കാർ വളരെ ക്ലേശങ്ങൾ സഹിക്കേണ്ടി വരുന്നു എന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതുകൊണ്ടു പ്രസ്തുത ബസ്സുകൾ വൈക്കം വഴി സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൈക്കം വഴിയുള്ള ഡീലക്സ് എക്സ്പ്രസ് സർവ്വീസ് നഷ്ടത്തിലായതുകൊണ്ടാണ് മാറ്റിയത്.

(ബി) പ്രസ്തുത ബസ് വീണ്ടും വൈക്കം വഴി സർവ്വീസ് നടത്തുന്ന കാര്യം ഇപ്പോഴത്തെ സാഹചര്യത്തിൽ പരിഗണിക്കാൻ പ്രയാസമാണ്.

വൈക്കം–വെള്ളൂർ ബസ്

815. [1233] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ന്യൂസ് പ്രിൻറ് ഫാക്റ്ററിയിലേക്കു വൈക്കം–വെള്ളൂർ ആയി ഒരു ബസ് ഓടിക്കൊണ്ടിരുന്നത് നിറുത്തൽ ചെയ്തിട്ട് എത്ര നാളായി;

(ബി) ഈ ബസ് സർവ്വീസ് വീണ്ടും തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറു മാസക്കാലമായി പ്രസ്തുത സർവ്വീസ് നിറുത്തിവച്ചിരിക്കുകയാണ്.

(ബി) കോട്ടയത്തുനിന്നും വൈക്കം വഴി വെള്ളൂർക്കു ഒരു സർവ്വീസ് തുടങ്ങുവാൻ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

മലബാറിലെ യാത്രാക്ലേശങ്ങൾ

816 [1234] ശ്രീ. പി. റ്റി. കുഞ്ഞുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ബസ് യാത്രാ ക്ലേശങ്ങളെക്കുറിച്ച് ഗവൺമെൻറിന് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) യാത്രക്കാരുടെ പ്രശ്നങ്ങൾ കണക്കിലെടുത്ത് പുതിയ ഷെഡ്യൂളുകൾ തുടങ്ങാൻ പരിപാടിയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly